**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഭ്രൂണമാറ്റ സാങ്കേതികവിദ്യവഴി മെച്ചപ്പെട്ട ഇനം കന്നുകാലികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്ഷീരകർഷകർക്ക് മികച്ച ബ്രീഡുകളിൽപെട്ട കന്നുകാലികളെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്,<br><br>കേരള സംസ്ഥാനത്ത് നിലവിലുള്ള പ്രജനന നയപ്രകാരം ബീജസങ്കലനത്തിന് ആവശ്യമായ ബീജം വിതരണം നടത്തുന്നത് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ആണ്. സംസ്ഥാനത്തെ മൃഗാശുപത്രികൾ, വെറ്ററിനറി സബ് സെന്ററുകൾ എന്നിവ വഴി ബീജം വിതരണം ചെയ്ത് കൃത്രിമ ബീജസംങ്കലന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് (5) ഹോൾസ്റ്റീൻ ഫ്രിഷ്യൻ വിത്തുകാളകളെ ജർമനിയിൽ നിന്നും, നാല് (4) ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും കെ.എൽ.ഡി ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ സംസ്ഥാനത്തിനു പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജം ഗാഢ ശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു. ഉയർന്ന ഉൽപാദന ക്ഷമതയുള്ള ജഴ്സി ഹോൾസ്റ്റീൻ ഫ്രിഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ചുള്ള വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചിട്ടുണ്ട്. കെ. എൽ.ഡി ബോർഡ് ഉൽപ്പാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ബീജമാത്രകൾ ഉപയോഗിച്ച് പശുക്കളിൽ ബീജാധാനം ചെയ്യുമ്പോൾ മികച്ച പാലുൽപ്പാദന ക്ഷമതയുള്ള പശുക്കളെ കർഷകർക്ക് ലഭിക്കുകയും ഇതിലൂടെ പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലെത്തുവാനും സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ഫാമുകളിൽ പ്രധാനമായും ഉപയോഗിക്കുന്ന ഫ്രീസ് വാൾ (ഹോൾസ്റ്റീൻ ഫ്രീഷ്യൻ x സഹിവാൾ സങ്കരയിനം) ഉയർന്ന ഉൽപ്പാദന ശേഷിയുള്ള ബ്രീഡ് ഇനമാണ്. ഇത് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള പ്രോജനി ടെസ്റ്റിംഗ് സ്കീം വഴി വിതരണം ചെയ്യപ്പെടുന്നു.** |
| (ബി) | ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ചുള്ള ബീജദാന പദ്ധതിയാണോ കന്നുകാലികളിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | **ലിംഗനിർണ്ണയം നടത്തിയ ബീജം ഉപയോഗിച്ചുള്ള ബീജാധാന പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS (Accelerated Breed Improvement Programme – Sex Sorted) എന്ന പദ്ധതിയിലൂടെ നടപ്പാക്കി വരുന്നു. ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകളുടെ വിതരണം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്  എന്നീ ജില്ലകളിലായി മൃഗസംരക്ഷണ വകുപ്പ് തിരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങളിലൂടെ ചെയ്തുവരുന്നു. ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ, സങ്കരയിനം ജേഴ്സി, സങ്കരയിനം ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനത്തിൽപെട്ട ലിംഗനിർണയം നടത്തിയ ബീജമാത്രകളാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്ത് വരുന്നത്. കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും, മൃഗസംരക്ഷണ വകുപ്പും, മിൽമയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ മുന്തിയ ഇനത്തിൽപ്പെട്ട പശുക്കുട്ടികളെ കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഇത് കൂടാതെ കെ.എൽ.ഡി.ബോർഡിന്റെ ബീജോൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ലിംഗനിർണ്ണയം നടത്താത്ത ഗാഢശീതീകരിച്ച ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ ബീജാധാനകേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത് വരുന്നു. ഇങ്ങനെ ബീജാധാനം നടത്തുമ്പോൾ 50-50 എന്ന ലിംഗാനുപാതത്തിലാണ് ആൺ-പെൺ കുട്ടികൾ ഉണ്ടാകുന്നത്.** |
| (സി) | ഭ്രൂണമാറ്റ സാങ്കേതികവിദ്യവഴി മെച്ചപ്പെട്ട ഇനം കന്നുകാലികളെ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | **ഭ്രൂണമാറ്റം, ഇൻവിട്രോഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉൽപാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപാദിപ്പിക്കു വാനും, കർഷകരുടെ ഇടങ്ങളിലുള്ള** |

| | | | |
|---|---|---|---|
| | | | **ഉൽപ്പാദനശേഷി കൂടിയ പശുക്കളിൽ നിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കെ.എൽ.ഡി ബോർഡ് നടപ്പിലാക്കി വരുന്നു. മെച്ചപ്പെട്ട ജനിതക ഘടനയുള്ള സങ്കരയിനം കന്നുക്കുട്ടികളുടെ ഉത്പാദനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.**<br><br>**ഉയർന്ന ഉൽപ്പാദന ക്ഷമതയുള്ള ജഴ്സി ഹോൾസ്റ്റീൻ ഫ്രിഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണത്തിൽ നിന്നും ഉന്നത ജനിതക മൂല്യമുള്ള പശുക്കൾ / വിത്തുകാളകൾ കെ.എൽ.ഡി ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഈ വിത്തുകാളകളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ബീജമാത്രകൾ സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് വിതരണം ചെയ്ത് വരുന്നു.**<br><br>**അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഭ്രൂണമാറ്റ ലബോറട്ടറി കൊല്ലം ജില്ലയിലെ ചിതറയിലും, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും പ്രവർത്തിക്കുന്ന റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്. ഭ്രൂണമാറ്റത്തിനും, IVF സാങ്കേതിത വിദ്യയും മൊബൈൽ സേവനവും ഈ കേന്ദ്രങ്ങൾ നൽകുന്നതാണ്. ആവശ്യമുള്ള ക്ഷീരകർഷകർക്ക് ന്യായമായ നിരക്ക് ഈടാക്കി കിടാരികളിൽ ഭ്രൂണമാറ്റ സാങ്കേതിക സൗകര്യം അവരുടെ വീട്ടുപടിക്കൽ ലഭ്യമാക്കിവരുന്നു.** |
| (ഡി) | ഭ്രൂണമാറ്റ സാങ്കേതികവിദ്യയിൽ കേരളത്തിന്റെ തനത് ഇനങ്ങളായ കാസർഗോഡ് കുള്ളൻ, വെച്ചൂർ പശു എന്നിവയെക്കൂടി ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | **കേരളത്തിന്റെ തനതു ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ, മറ്റ് തനത് ജനുസ്സുകളായ വടകര കുള്ളൻ, വില്വാദ്രി കുള്ളൻ, വയനാട് കുള്ളൻ, കുട്ടമ്പുഴ കുള്ളൻ എന്നീ ജനുസ്സുകളുടെ മികച്ച കാളകളെ തെരഞ്ഞെടുത്ത് അവയിൽ നിന്നും ഗാഢ ശീതീകരിച്ച ബീജം ഉൽപാദിപ്പിച്ച് സംസ്ഥാനത്ത് ബീജാധാന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തുവരുന്നു.**<br><br>**കെ.എൽ.ഡി.ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ വെച്ചൂർ പശുവിൽ ഭ്രൂണമാറ്റ സാങ്കേതിക വിദ്യ പ്രാവർത്തികമാക്കിയിട്ടുണ്ട് ലോകത്തിൽ തന്നെ ആദ്യമായി ഐ.വി.എഫ് സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദിപ്പിച്ച ഗാഢശീതീകരിച്ച ഭ്രൂണം ഉപയോഗിച്ച് ഭ്രൂണമാറ്റ സാങ്കേതിക വിദ്യ വെച്ചൂർ പശുവിൽ വിജയകരമായി നടപ്പിലാക്കിയത് കെ.എൽ.ഡി. ബോർഡാണ്. നാളിത് വരെ 11 വെച്ചൂർ കിടാങ്ങളും മാട്ടുപ്പെട്ടി ഫാമിൽ ഈ സാങ്കേതിക വിദ്യയിലൂടെ ജനിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **മണ്ണുത്തി വെറ്ററിനറി കോളജിൽ ഭ്രൂണമാറ്റ സാങ്കേതിക വിദ്യ വെച്ചൂർ പശുക്കളിൽ നടപ്പിലാക്കുകയും 3 വെച്ചൂർ കിടാവുകളെ ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ